മാതൃഭൂമി

**13 April 2018**

കടലിലെ മാലിന്യപ്രശ്നം

# നിയന്ത്രണ അതോറിറ്റികൾ സ്ഥാപിക്കണമെന്ന് ദേശീയ സമ്മേളനം

**കൊച്ചി** ▸ മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനു ഭീഷണിയായി മാറിയ കടലിലെയും കായലിലെയും മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്ര-സംസ്ഥാനതല നിയന്ത്രണ അതോറിറ്റികൾ സ്ഥാപിക്കണമെന്ന് ദേശീയ സമ്മേളനം.

മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (എം.ബി.എ.ഐ.) നേതൃത്വത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) നടന്ന ദ്വിദിന ദേശീയ സമ്മേളനത്തിലാണ് ഈ ആവശ്യം. ഈ സമിതിക്ക് കീഴിൽ കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ ഉപ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

മാലിന്യങ്ങൾ പെരുകുന്നതു കാരണം മീനുകളുടെ ഉള്ളിൽ സൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങൾ അടങ്ങിയതായി കണ്ടെത്തിയിരുന്നു. ഈ ഗുരുതര പ്രശ്നം പരിഹരിക്കണമെങ്കിൽ ശക്തമായ നയ രൂപവത്കരണം കൂടിയേ തീരൂവെന്ന് സമ്മേളനത്തിന്റെ സമാപനമായി നടന്ന പ്ലീനറി ചർച്ചയിൽ നിർദേശമുയർന്നു.

നയ രൂപവത്കരണം നടത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാറിന് മാർഗ നിർദേശങ്ങൾ നൽകുന്നതിന് ഈ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന സി.എം.എഫ്.ആർ.ഐ. നേതൃത്വം നൽകണമെന്നും നിർദേശമുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡ് നിർമാണം പോലുള്ള വികസന പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ സാർവത്രികമായി പ്രയോജനപ്പെടുത്തണം.

മത്സ്യബന്ധനങ്ങൾക്ക് ഭീഷണിയാകുന്ന, ഉപേക്ഷിക്കപ്പെടുന്ന, വലകളുടെ (പ്രേത വലകൾ) സാന്നിധ്യം യഥാസമയം അറിയിക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് ഹെൽപ്പ്ലൈൻ സംവിധാനം ഏർപ്പെടുത്തണം.

ഇതിനായി 30 മീറ്റർ ആഴത്തിൽ കടലിന്റെ അടിത്തട്ടിന്റെ 3 ഡി മോഡലുകൾ സ്ഥാപിക്കണമെന്നും ചർച്ചയിൽ നിർദേശമുയർന്നു.